# കില
## വാർത്താപത്രിക

VOLUME-7
ISSUE-11
NOVEMBER 2014

kila@kilaonline.org NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) www.kilaonline.org





കോട്ടയം നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ
സംസ്ഥാന ഗതാഗതവകുപ്പുമന്ത്രി **തിരുവഞ്ചൂർ രാധാകൃഷ്ണൻ** ഉദ്ഘാടനം ചെയ്യുന്നു

# കോട്ടയത്ത് സമ്പൂർണ പാർപ്പിടപദ്ധതിയും കുടിവെള്ളപദ്ധതിയും നടപ്പിലാക്കും: മന്ത്രി തിരുവഞ്ചൂർ

അനധിവിദൂരഭാവിയിൽ കോട്ടയം നിയോജകമണ്ഡലത്തിൽ സമ്പൂർണ പാർപ്പിടപദ്ധതിയും കുടിവെള്ളപദ്ധതിയും നടപ്പിലാക്കുമെന്ന് സംസ്ഥാന ഗതാഗതവകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ. കോട്ടയം നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പുറമ്പോക്കിലും പാലങ്ങളുടെ ചുവട്ടിലും താമസിക്കുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് അവർക്കു വീടു നൽകുന്നതിനു മുൻഗണന നൽകും. വൻകിടപദ്ധതികൾക്കു പകരം ഓരോ പ്രദേശത്തിന്റെയും ആവശ്യവും സാഹചര്യവും പരിഗണിച്ച് കുടിവെള്ള വിതരണത്തിനു മൈക്രോസ്കീം നടപ്പാക്കാനാണുദ്ദേശിക്കുന്നത്. മാലിന്യമാണ് നാം നേരിടുന്ന മറ്റൊരു വെല്ലുവിളി. ടെറസിനു മുകളിൽ മാത്രമല്ല ഓരോ വീടിന്റെയും ചുറ്റുവട്ടത്ത് നൂറോ ഇരുനൂറോ ചട്ടികളിൽ പച്ചക്കറി കൃഷി നടത്തിയാൽ വീട്ടിലുണ്ടാകുന്ന മാലിന്യങ്ങൾക്ക് പരിഹാരം കാണാനും ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കാനും കഴിയും ഇതോടെ മാലിന്യരഹിത ഭവനമെന്ന സൽപ്പേരും നമുക്കു നേടിത്തരും. ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു പ്രവർത്തിക്കുന്ന ജനപ്രതിനിധികളോടായിരിക്കും ജനങ്ങൾക്കു താൽപര്യം. തുടങ്ങിവച്ച പദ്ധതികൾ മുടക്കം കൂടാതെ മുന്നോട്ടുകൊണ്ടുപോകണം. വികസനത്തിനു ഏകോപനവും ലക്ഷ്യവുമാണ് വേണ്ടതെന്നും മന്ത്രി പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷനായിരുന്നു. കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം. രാജ്, അസി.ഡയറക്ടർ കെ.എം.സലിം എന്നിവർ സംസാരിച്ചു.കോട്ടയം നഗരസഭാചെയർമാൻ എം.ബി.സന്തോഷ്കുമാർ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജീനാ ജേക്കബ്ബ്, വിജയപുരം പഞ്ചായത്ത് പ്രസിഡന്റ് റോയ്ജോൺ, പള്ളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഷെർളി രവീന്ദ്രൻ, കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ എം.ജെ.പ്രസാദ് എന്നിവർക്കു പുറമെ സ്റ്റാൻഡിംഗ് കമ്മിററി ചെയർപേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

ഉദ്ഘാടനത്തിനുശേഷം കൃഷി, അനുബന്ധവ്യവസായങ്ങൾ, മൃഗസംരക്ഷണം, ക്ഷീരവികസനം, ആരോഗ്യം, യുവജനക്ഷേമം, സാമൂഹ്യക്ഷേമം,പശ്ചാത്തല വികസനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഗ്രൂപ്പുചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി.



കില ദിനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത **തോമസ് ഉണ്ണ്യാടൻ എം.എൽ.എ**ക്കു
കിലയുടെ ഉപഹാരം കില ഡയറക്ടർ സമ്മാനിക്കുന്നു

## കില ദിനം ആഘോഷിച്ചു

**കില** ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. തോമസ് ഉണ്ണ്യാടൻ എം.എൽ.എ മുഖ്യാതിഥിയായിരുന്നു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. കില ജീവനക്കാർക്കു പെൻഷനും കുടുംബപെൻഷനും ഏർപ്പെടുത്തിയ സർക്കാരിനേയും അതിനുവേണ്ടി യത്നിച്ചവരേയും ഡയറക്ടർ അഭിനന്ദിച്ചു. ധനകാര്യവകുപ്പു സ്പെഷൽ സെക്രട്ടറി ഇ.കെ. പ്രകാശ്, ശ്രീപത്മനാഭസ്വാമിക്ഷേത്രം ചീഫ് ഫിനാൻസ് ഓഫീസർ ഉദയഭാനു കണ്ടേത്ത്, കില അസി.പ്രൊഫ. ഡോ.ജെ.ബി രാജൻ, കെ.ബാബു എന്നിവർ സംസാരിച്ചു. മുഖ്യതിഥിക്കുള്ള കിലയുടെ ഉപഹാരം ഡയറക്ടർ സമ്മാനിച്ചു. സന്തോഷ് തറയിൽ, സാജൻ പീറ്റർ, വിനോദ് എന്നിവർ മുഖ്യാതിഥിയെ ഷാളണിയിച്ചു. കില ജീവനക്കാരും കുടുംബാംഗങ്ങളും പങ്കെടുത്ത വിവിധ കലാപരിപാടികളും കോഴിക്കോട് നീലാംബരിയുടെ ഗാനമേളയുമുണ്ടായി. ഒ.എസ്. മിറാഷ്, കെ.ബാബു, ഡേവിസ്, ജയൻ തുടങ്ങിയവർ ആഘോഷപരിപാടികൾക്കു നേതൃത്വം നൽകി.



സേവാഗ്രാം ഗ്രാമകേന്ദ്രവുമായി ബന്ധപ്പെട്ട ജില്ലാതല പരിശീലനം
ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് **ഡെന്നീസ് കെ. ആന്റണി** ഉദ്ഘാടനം ചെയ്യുന്നു

## ഗ്രാമകേന്ദ്രം: ജില്ലാതല പരിശീലനം പൂർത്തിയായി

ഗ്രാമപഞ്ചായത്ത്-നഗരസഭ വാർഡുകളിൽ ആരംഭിക്കുന്ന സേവാഗ്രാം ഗ്രാമകേന്ദ്രവുമായി ബന്ധപ്പെട്ട ജില്ലാതല പരിശീലനം ചാലക്കുടിയിൽ പൂർത്തിയായി. കിലയും ഗ്രാമപഞ്ചായത്ത് അസോസിയേഷനും മുനിസിപ്പൽ ചേംബറും സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്. ജില്ലയിലെ ഗ്രാമപഞ്ചായത്ത്-നഗരസഭകളിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരാണ് പരിശീലനത്തിൽ പങ്കെടുത്തത്.അഞ്ചുബാച്ചുകളിലായി 327 പേർ പരിശീലനത്തിൽ സംബന്ധിച്ചു. ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡെന്നീസ് കെ. ആന്റണി ഉദ്ഘാടനം ചെയ്തു. ചലക്കുടി നഗരസഭ ചെയർമാൻ വി.ഒ.പൈലപ്പൻ, വൈസ് ചെയർപേഴ്സൺ ആലിസ് ഷിബു, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇൻചാർജ് രാജ് പ്രദീപ്, കില കോർഡിനേറ്റർ മോളി തോമസ് എന്നിവർ സംസാരിച്ചു. എൻ.കുമാരൻ, ഭാസ്ക്കരൻ പള്ളിക്കര, അനിതാ ബാബുരാജ്, അരുണ ആർ പിഷാരടി എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

ബ്ലോക്ക്തല പരിശീലനം 4-ാം തീയതി തുടങ്ങും. ഗ്രാമപഞ്ചായത്ത്-നഗരസഭകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധപ്രവർത്തകർക്കുമാണ് ബ്ലോക്ക്തല പരിശീലനം. 2015 ജനുവരി 26 നകം ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് പുരോഗമിക്കുന്നത്. പഞ്ചായത്തുകളിൽനിന്നു ലഭിക്കേണ്ട വിവിധ സേവനങ്ങൾ വാർഡുകളിൽ ലഭ്യമാക്കുന്ന കേന്ദ്രമാണ് ഗ്രാമകേന്ദ്രം.



സ്ത്രീക്കളുടേയും കുട്ടികളുടേയും വികസനം സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ
തയ്യാറാക്കാൻ കിലയിൽ സംഘടിപ്പിച്ച ദേശീയ ശിൽപ്പശാല

# സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിന് ദേശീയ മാർഗ്ഗരേഖ

**സ്**ത്രീക്കളുടേയും കുട്ടികളുടേയും വികസനത്തിന് ദേശീയതലത്തിലുള്ള പ്രവർത്തന മാർഗ്ഗരേഖ തയ്യാറായി. ആരോഗ്യം, ശുചിത്വം, വികസനം, അവകാശങ്ങൾ, കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയൽ,വിവേചനങ്ങൾ, പങ്കാളിത്തം തുടങ്ങിയ മേഖലകളെസംബന്ധിച്ച മാർഗ്ഗരേഖയാണ് കിലയിൽ സമാപിച്ച ദ്വിദിന ദേശീയ ശിൽപ്പശാല അംഗീകരിച്ചത്. ഇന്ത്യയിലെ മുഴുവൻ പ്രാദേശികസർക്കാരുകൾക്കും ഈ മാർഗ്ഗരേഖ ബാധകമാണ്.

കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റയും കിലയുടേയും സംയുക്താഭിമുഖ്യത്തിലാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. സ്ത്രീകളുടേയും കുട്ടികളുടേയും വികസനകാര്യത്തിൽ പഞ്ചായത്ത് ജനപ്രതിനിധികൾക്ക് ഇടപെടാൻ കഴിയുന്നതിനു സഹായകരമായ കൈപ്പുസ്തകവും ശിൽപ്പശാല തയ്യാറാക്കിയിട്ടുണ്ട്.സ്ത്രീകളുടേയും കുട്ടികളുടേയും അവകാശസംരക്ഷണത്തിനായി നിരവധി നിയമങ്ങളും പരിപാടികളും സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാദേശികതലത്തിൽ അവ പ്രാവർത്തികമാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് പുതിയ മാർഗ്ഗരേഖ തയ്യാറാക്കിയത്.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. ശിൽപ്പശാലയുടെ ലക്ഷ്യങ്ങളെക്കുറിച്ച് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിലെ നാഷ്ണൽ പ്രോജക്ട് മാനേജർ ഷിബ്രതകർ വിശദീകരിച്ചു.പഞ്ചായത്ത് രാജ് മന്ത്രാലയത്തിലെ പ്രോഗ്രാം ഓഫീസർ കിരൺ ജ്യോതി, ചൈൽഡ് റിസോഴ്സ് സെന്ററിലെ ഡോ.പീറ്റർ എം.രാജ് എന്നിവർ സംസാരിച്ചു. കേന്ദ്ര ഗ്രാമവികസനവകുപ്പു ഡയറക്ടറേറ്റിലെ ഡോ.അനിത ബ്രാൻഡൻ, ഡോ.ഒ.പി. പാണ്ഡേ (യു.പി), പി.എസ്. യാദവ് (രാജസ്ഥാൻ), ഡോ.കെ.ആർ. ആന്റണി, ഡോ. ഗീതക്കുട്ടി, സാമൂഹ്യക്ഷേമവകുപ്പു അസി.ഡയറക്ടർ കെ.ബി.ശ്രീദേവി, ചൈൽഡ് റൈറ്റ്സ് കമ്മീഷൻ അംഗം സി.യു.മീന, എം.ജി. കാളിദാസൻ തുടങ്ങിയവരാണ് ശിൽപ്പശാലയ്ക്കു നേതൃത്വം നൽകിയത്.




ജമ്മുകാശ്മീരിലെ പ്രളയദുരിതബാധിതർക്കുള്ള കിലയുടെ സഹായം
ജമ്മുകാശ്മീർ ഗവർമ്മെന്റ് പ്രതിനിധി **മിർ മനോവറിനു** കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** കൈമാറുന്നു

# ജമ്മുകാശ്മീരിലെ പ്രളയദുരിതബാധിതർക്ക് കിലയുടെ സഹായം

ജമ്മുകാശ്മീരിലെ പ്രളയദുരിതബാധിതർക്ക് കിലയുടെ സഹായം.ദുരിതാശ്വാസനിധിയിലേക്കുള്ള തുകയുടെ ചെക്ക് ജമ്മുകാശ്മീർ ഗവർമ്മെന്റ് പ്രതിനിധി മിർ മനോവറിനു കില ഡയറക്ടർ ഡോ.പി.പി.ബാലൻ കൈമാറി.കിലയിൽ സംഘടിപ്പിച്ച ദേശീയ ശിൽപ്പശാലയിൽ പങ്കെടുക്കാനെത്തിയതായിരുന്നു മനോവർ.




വടകര നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല
കിലയിൽ **സി.കെ. നാണു എം.എൽ.എ** ഉദ്ഘാടനം ചെയ്യുകയായിരുന്നു

## വൃക്കരോഗികൾ ഏറ്റവും കൂടുതൽ വടകരയിൽ

**സം**സ്ഥാനത്ത് ഏറ്റവും കൂടുതൽ വൃക്കരോഗികളുള്ളത് വടകരയിലാണെന്നാണ് പഠനങ്ങൾ തെളിയിക്കുന്നതെന്ന് സി.കെ. നാണു എം.എൽ.എ അറിയിച്ചു.വടകര നിയോജ കമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അന്യനാടുകളിൽനിന്നു വരുന്ന വിഷാംശം കലർന്ന പച്ച ക്കറികളും പഴവർഗ്ഗങ്ങളും കഴിച്ചതുകൊണ്ടാണിതെന്നും ഇതിനു പരിഹാരം ജൈവകൃഷിയാണെന്നും എം.എൽ.എ നിർദ്ദേശിച്ചു. വടകര മണ്ഡലത്തിൽ ഒരിഞ്ചു ഭൂമിപോലും തരിശിടാതെ ജൈവപച്ചക്കറി കൃഷിക്ക് നാം തയ്യാറാക ണം. ജനകീയ പങ്കാളിത്തത്തോടെ സമാഹരിച്ച മൂന്നു കോടി രൂപ മുടക്കി ദവസേന 40 പേർക്ക് ഡയാലി സിസിനു സൗകര്യമൊരുക്കിയിട്ടുണ്ട്. കുട്ടികളുടെ വിദ്യാ ഭ്യാസം അന്തർദ്ദേശീയ നിലവാരത്തിലേക്കുയർത്താനുത കുന്ന വിദ്യാഭ്യാസപരിഷ്ക്കരണ നടപടികൾ ഹയർ സെക്കണ്ടറി തലത്തിൽ ഏർപ്പെടുത്തും. മത്സ്യത്തൊഴിലാ ളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആത്മാർത്ഥമായ ശ്രമം നടത്തും. 2030 ആകുമ്പോഴേക്കും വടകരയുടെ മുഖ ച്ഛായ മാറുന്ന വിധത്തിലുള്ള വികസനപ്രവർത്തനങ്ങൾക്ക് ഇപ്പോൾ തന്നെ തുടക്കം കുറിക്കണമെന്നും എം.എൽ.എ നിർദ്ദേശിച്ചു.

കില ഡയറക്ടർ ഡോ. പി.പി.ബാലൻ അദ്ധ്യക്ഷത വഹി ച്ചു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, കില അസി.ഡയറക്ടർ കെ.എം. സലിം, കോർഡിനേറ്റർ പി. വി. രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. വടകര നഗര സഭയിലേയും അഴിയൂർ, ചോറോട്, ഏറാമല, ഓഞ്ചിയം ഗ്രാമപഞ്ചായത്തുകളിലേയും വടകര ബ്ലോക്ക് പഞ്ചായ ത്തിലേയും പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോ ഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. ഉദ്ഘാടനത്തിനുശേഷം വിവിധ വിഷയങ്ങളെ അടിസ്ഥാ നമാക്കി ഗ്രൂപ്പ് ചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി.

## സേവനാവകാശനിയമം : പരിശീലനം പൂർത്തിയായി

**സേ**വനാവകാശ നിയമത്തെക്കുറിച്ചും പഞ്ചായത്തിൽ നിന്ന് നൽകി വരുന്ന സേവനങ്ങളെക്കുറിച്ചും അവയുടെ നിബ ന്ധനകളെ സംബന്ധിച്ചും കില നടത്തിവന്നിരുന്ന പരിശീ ലനപരിപാടി പൂർത്തിയായി. 2013 നവംബറിലാണ് പരി ശീലനം തുടങ്ങിയത്. ഗ്രാമപഞ്ചായത്തിലെ പ്രസിന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരുൾപ്പെട്ട ജന പ്രതിനിധികൾക്കും സെക്രട്ടറി, അസി. സെക്രട്ടറി, ജൂനി യർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക്, ക്ലാർക്കുമാർ എന്നിവർക്കുമാ യിരുന്നു പരിശീലനം. ബോധന (തിരുവല്ല,) സർഗ്ഗാലയ (വടകര), കില എന്നിവിടങ്ങളിലായിരുന്നു ആദ്യഘട്ടപരി ശീലനം. രണ്ടാംഘട്ടം തിരുവല്ലയിലും തൃശ്ശൂരിലും. 156 ബാച്ചുകളിലായി 2473 ജനപ്രതിനിധികളും 3722 ഉദ്യോഗ സ്ഥരും പരിശീലനത്തിൽ പങ്കെടുത്തു.കോഴ്സ് ഡയറ ക്ടർ ഡോ.പീറ്റർ എം. രാജും കോർഡിനേറ്റർ പി.കെ. ജയദേവനും പരിശീലനത്തിനു നേതൃത്വം നൽകി. 40 വിദഗ്ധർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

## കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികളെക്കുറിച്ച് കില പരിശീലനം നൽകുന്നു

**ഗ്രാ**മപഞ്ചായത്തുകൾക്കും അതുവഴി ജനങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന വിവിധ കേന്ദ്ര-സംസ്ഥാ നാവിഷ്കൃത പദ്ധതികളെക്കുറിച്ച് കില പരിശീലനം നൽകുന്നു.പദ്ധതികൾ സംയോജിപ്പിച്ച് നടപ്പാക്കുന്ന രീതി വിശദീകരിക്കാനും അവയെക്കുറിച്ച് പ്രായോഗിക പരി ശീലനം നൽകാനുമാണ് ഉദ്ദേശിക്കുന്നത്.ഗ്രാമപഞ്ചാ യത്ത് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സെക്രട്ടറി, അസി.സെക്രട്ടറി, അസി.എഞ്ചിനിയർ, വി.ഇ.ഒ, കൃഷി ഓഫീസർ,വെറ്ററി നറി സർജൻ, ഡയറി ഫാം ഇൻസ്ട്രക്ററർ, ഫിഷറീസ് സബ് ഇൻസെപ്കറ്റർ, മെഡിക്കൽ ഓഫീസർമാർ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ, സർക്കാർ എൽ.പി- യു.പി സ്കൂളുകളിലെ ഹെഡ്മാസ്ററർമാർ എന്നി വർക്കാണ് രണ്ടുദിവസത്തെ പരിശീലനം നൽകുന്നത്. സംസ്ഥാനത്തെ നാലു കേന്ദ്രങ്ങളിലായിട്ടാണ് പരിശീ ലനം സംഘടിപ്പിച്ചിട്ടുള്ളത്. കിലയ്ക്കു പുറമെ തൃശ്ശൂർ ഡയറ്റ്, തളിപ്പറമ്പ്, തിരുവല്ല എന്നിവിടങ്ങളിലായിരിക്കും പരിശീലനം.

പരിശീലനത്തിന്റെ മുന്നൊരുക്കമായുള്ള പരിശീലക രുടെ പരിശീലനം കിലയിൽ ഡോ. പീറ്റർ എം രാജ് ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ എം.കെ.രവീന്ദ്രനാ ഥ്, അസി.പ്രൊഫ.ഇംതിയാസ് എന്നിവർ സംസാരിച്ചു. വിവിധ മേഖലകളിൽനിന്നായി 102 പേർ പരിശീലനത്തിൽ പങ്കെടുത്തു.



പുനലൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല
കിലയിൽ **അഡ്വ.കെ.രാജു എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

## പുനലൂരിലെ കൃഷിസംരക്ഷണത്തിനു പദ്ധതികൾ വേണം: കെ.രാജു എം.എൽ.എ

**പു**നലൂർ മണ്ഡലത്തിലെ കൃഷിസരക്ഷണത്തിനു പദ്ധതികൾ വേണമെന്ന് അഡ്വ.കെ.രാജു എം.എൽ.എ ആവശ്യപ്പെട്ടു. പുനലൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരു തുണ്ടു ഭൂമിപോലും തരിശിടാതെ കൃഷി ചെയ്യാൻ കർഷകർ തയ്യാറാണ്. പക്ഷെ കൃഷിറിക്കി നാളുകൾക്കകം വന്യജീവികളിറങ്ങി കൃഷി നശിപ്പിക്കുകയും കർഷകർക്കു ഭീമമായ നഷ്ടമുണ്ടാക്കുകയും ചെയ്യുന്നു. ഇതിനു പരിഹാരമുണ്ടായാൽ കൃഷിയിറക്കാൻ കർഷകർ സന്നദ്ധമാണ്. പശ്ചിമഘട്ട മലനിരകളിലെ പരിസ്ഥിതി ദുർഭല പ്രദേശങ്ങൾ സംരക്ഷിച്ചു കൊണ്ടുതന്നെ ടൂറിസം വികസനത്തിനു സാദ്ധ്യതയുള്ള പഞ്ചായത്തുകളാണ് തെന്മലയും കുളത്തൂപ്പുഴയും. ടൂറിസത്തിനു വളരെയേറെ സാദ്ധ്യതയുള്ള മണ്ഡലമാണ് പുനലൂർ. ഫാം ടൂറിസത്തിനും ഗ്രീൻ ടൂറിസത്തിനും ഒരു പോലെ സാദ്ധ്യതകളുണ്ട്. ഇതിനായി നഗരസഭയും പഞ്ചായത്തുകളും സംയുക്തമായി പദ്ധതികൾ തയ്യാറാക്കണം. പ്ലാൻഫണ്ട് അതതു വാർഡുകളിലേക്കു വിഭജിക്കുന്ന പ്രവണത അവസാനിപ്പിക്കണം. എം.എൽ.എ–എം.പി. ഫണ്ടും കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെ സമാഹരിക്കുന്ന ഫണ്ടും ഉപയോഗിച്ച് മണ്ഡലത്തിനു പൊതുവായി ഗുണം ലഭിക്കുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിലെ നാഷ്ണൽ പ്രോജ്കട് മാനേജർ ഷിബ്രത കർ കില അസി.ഡയറക്ടർ കെ.എം.സലിം എന്നിവർ സംസാരിച്ചു. പുനലൂർ നഗരസഭയിലേയും അഞ്ചൽ, ആര്യൻകാവ്, ഇടമുളയ്ക്കൽ, ഏരൂർ, കരവാളൂർ, കുളത്തൂപ്പുഴ, തെന്മല ഗ്രാമ പഞ്ചായത്തുകളിലേയും അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിലേയും പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

## നഗരസഭകളിലെ എഞ്ചിനിയർമാർക്കു പരിശീലനം

**കെട്ടിടനിർമ്മാണചട്ടങ്ങളെക്കുറിച്ച്** നഗരസഭകളിലെ എഞ്ചിനീയർമാർ, ഓവർസീയർമാർ, സെക്രട്ടറിമാർ എന്നിവർക്കുള്ള ദ്വിദിന പരിശീലന പരിപാടി കിലയിൽ സംഘടിപ്പിച്ചു. അസോസിയേറ്റ് പ്രൊഫസർ ഡോ.സണ്ണിജോർജ്ജ് ഉദ്ഘാടനം ചെയ്തു. കോ-ഓർഡിനേറ്റർ കെ.വി.ഗോവിന്ദൻ സംസാരിച്ചു. സമാപന ചടങ്ങിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ സംസാരിച്ചു.



നാട്ടിക നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ **ഗീതാഗോപി എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു



വികസനശിൽപ്പശാലയെക്കുറിച്ച് പഠിക്കുന്നതിനു കിലയിലെത്തിയ കേന്ദ്ര പഞ്ചായത്ത്‌രാജ് മന്ത്രാലയത്തിലെ നാഷ്ണൽ പ്രോജ്കട് മാനേജർ **ഷിബ്രതകർ** പുനലൂർ മണ്ഡലം ശിൽപ്പശാലയിൽ സംസാരിക്കുന്നു

## വികസനശിൽപശാല പഠിക്കാൻ കേന്ദ്രപഞ്ചായത്ത് രാജ് സംഘം കിലയിൽ

**എം**.എൽ.എ മാരെ പങ്കെടുപ്പിച്ചുകൊണ്ട് കില സംഘടിപ്പിച്ചുവരുന്ന വികസനശിൽപ്പശാല മറ്റ് സംസ്ഥാനങ്ങൾ മാതൃകയാക്കേണ്ടതാണെന്ന് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിലെ നാഷ്ണൽ പ്രോജ്കട് മാനേജർ ഷിബ്രത കർ അഭിപ്രായപ്പെട്ടു. വികസനശിൽപ്പശാലയെക്കുറിച്ച് പഠിക്കുന്നതിനു കിലയിലെത്തിയതാണ് അദ്ദേഹവും സംഘവും. പുനലൂർ എം.എൽ.എ യും മണ്ഡലാതിർത്തിയിലുള്ള തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും പങ്കെടുത്ത ശിൽപ്പശാലയിലും സംഘം സംബന്ധിച്ചു. മറ്റ് സംസ്ഥാനങ്ങൾക്കവകാശപ്പെടാൻ കഴിയാത്ത സവിശേഷ പരിപാടിയാണിത്. എം.എൽ.എ മാരും തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഒന്നിച്ചിരുന്ന് ചർച്ച നടത്തുന്നത് ഇതര സംസ്ഥാനങ്ങളിൽ ആലോചിക്കാൻ പോലും കഴിയില്ല. പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് കേരളത്തിൽ ഗ്രാമതലത്തിൽ തന്നെ ജനങ്ങൾ ബോധവാന്മാരാണെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിലെ മറ്റൊരു മുതിർന്ന ഉദ്യോഗസ്ഥയായ കിരൺ ജ്യോതി, രാജസ്ഥാനിൽനിന്നുള്ള ഡോ.അനിത, ഉത്തർപ്രദേശിലെ ഗ്രാമവികസന ഡയറക്ടർ ഡോ.ഒ.പി. പാണ്ഡേ എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ, അഡ്വ.കെ.രാജു എം.എൽ.എ ഡോ.പീററർ എം.രാജ്, കില അസി.ഡയറക്ടർ കെ.എം.സലിം എന്നിവർ ശിൽപ്പശാലയിൽ പങ്കെടുത്തു.എം.എൽ.എ മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള 75-ാമത്തെ ശിൽപ്പശാലയിലാണ് കേന്ദ്രസംഘം പങ്കെടുത്തത്.



അടൂർ മണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ **ചിറ്റയം ഗോപകുമാർ എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

## റിട്ടേണിംഗ് ഓഫിസർമാർക്കും അസി.റിട്ടേണിംഗ് ഓഫിസർമാർക്കും പരിശീലനം തുടങ്ങി

തദ്ദേശഭരണതെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കമായി റിട്ടേണിംഗ് ഓഫീസർമാർക്കും അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർക്കുമുള്ള പരിശീലന പരിപാടി തൃശ്ശൂർ ജില്ലയിൽ ആരംഭിച്ചു. ചാവക്കാട്, ചൊവ്വന്നൂർ, വടക്കാഞ്ചേരി, പഴയന്നൂർ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നുള്ളവരാണ് ജില്ലാപഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ നടന്ന പരിശീലനപരിപാടിയിൽ പങ്കെടുത്തത്. ഇലക്ഷൻ ഡെപ്യൂട്ടി കലക്ടർ ഇ.വി.സുശീല, ജൂനിയർ സൂപ്രണ്ട് കെ.കൃഷ്ണകുമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജോസ്നമോൾ, കില കോർഡിനേറ്റർ മോളി തോമസ് എന്നിവർ സംസാരിച്ചു. തെരഞ്ഞെടുപ്പുകമ്മീഷന്റെ ഹൈക്കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസൽ അഡ്വ.മുരളി പുരുഷോത്തമൻ പരിശീലനത്തിനു നേതൃത്വം നൽകി.

## ചോദിക്കൂ പറയാം

? ക്വാറികൾക്ക് ലൈസൻസ് നൽകുന്നതുസംബന്ധിച്ച് പരിസ്ഥിതിവകുപ്പ് ഇറക്കിയ ഉത്തരവ് വിശദീകരിക്കാമോ?

● ക്വാറികൾ നടത്തുന്നതുസംബന്ധിച്ച് പരിസ്ഥിതിവകുപ്പ് പുറത്തിറക്കിയ 21.2.2014 ലെ ഉത്തരവ് ജി.ഒ.(എം.എസ്)02/2014/ ഇ എൻ വി.ടി, സർക്കുലർ നമ്പർ 3568/ എ3/12/ഇ.എൻ.വി.ടി. തീയതി 12.3.2014,സ.ഉ.(പി)നമ്പർ93/ 2014/ഐ.ഡി. തീയതി 30.6.2014,എന്ന നമ്പറിലുള്ളതാണ്. പാറ ഖനനം, നദീമണൽ ഖനനം, സാധാരണ മണൽഖനനം എന്നിവ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളെല്ലാം ഈ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

? അബ്കാരിഷാപ്പുകൾ അനുവദിക്കുന്നതുസംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ഭേദഗതി വരുത്തിയ ഓർഡിനൻസ് നിയമമായിട്ടുണ്ടോ?

● അബ്കാരിഷാപ്പുകൾ സ്ഥാപിക്കുന്നതിനു അനുവാദം നൽകുന്നതുസംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 (1) വകുപ്പിലെ ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ച ഓർഡിനൻസ് നിയമമാക്കി ഉത്തരവായിട്ടുണ്ട്. നമ്പർ24831/ലെഗ്.സി1.2012/ നിയമം. തീയതി.26.4.2013 (2013 ലെ 23-ാം ഭേദഗതി ആക്റ്റ്.)

? ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകൾ വർഷത്തിൽ രണ്ടുതവണ മാത്രം കൂടിയാൽ മതിയെന്ന ഭേദഗതി നിയമമായിട്ടുണ്ടോ?

● ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകൾ ഓരോ വാർഡിലും മൂന്നുമാസം കൂടുമ്പോൾ വിളിച്ചുചേർക്കാൻ ഗ്രാമസഭ കൺവീനറായ വാർഡ് മെമ്പർക്ക് ചുമതലയുണ്ട്. ഇക്കാര്യത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഇപ്രകാരം ഒരു വർഷത്തിൽ നാലുതവണ ഓരോ വാർഡിലും ഗ്രാമസഭ വിളിച്ചുചേർക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം മൂന്നുമാസത്തിൽ ഒരിക്കൽ വിളിച്ചുചേർക്കേണ്ട ഗ്രാമസഭ രണ്ടുതവണ തുടർച്ചയായി കൂടിയില്ലെങ്കിൽ മെമ്പർ അയോഗ്യനാകും എന്ന വ്യവസ്ഥ മൂന്നുതവണ തുടർച്ചയായി കൂടിയില്ലെങ്കിൽ അയോഗ്യനാകും എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്.(കേരളാ പഞ്ചായത്ത് രാജ് 23-ാം ഭേദഗതി ആക്ട്-2013 നമ്പർ 24831/ലെഗ്-സി 1 /2012/ നിയമം തീയതി. 26.4.2013)

? അവധിയിലായിരിക്കുന്ന ജനപ്രതിനിധികളുടെ ഓണറേറിയം സംബന്ധിച്ച് പുതിയ ഉത്തരവുകൾ എന്തെങ്കിലുമുണ്ടോ?

● അവധിയിലായിരിക്കുന്ന ജനപ്രതിനിധികളെസംബന്ധിച്ച് പഞ്ചായത്ത് രാജ് നിയമത്തിൽ വന്ന ഭേദഗതി ഇപ്രകാരമാണ്.ആറുമാസത്തിൽ അധികരിക്കാത്ത കാലയളവിലേക്ക് പഞ്ചായത്തിന്റെയോ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതിന് ഒരംഗത്തിന് പഞ്ചായത്ത് അനുവാദം നൽകുന്ന സംഗതിയിൽ അപ്രകാരം അനുവദിക്കുന്ന കാലയളവ് അവധിയായി പരിഗണിക്കേണ്ടതും അപ്രകാരം അവധിയായിരിക്കുന്ന കാലത്തേക്ക് പ്രസ്തുത അംഗത്തിന് ഓണറേറിയത്തിനു അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ പ്രസവസംബന്ധമായ ആവശ്യങ്ങൾക്ക് അവധിയിലായിരിക്കുന്ന വനിതാ അംഗത്തിനു പ്രസ്തുത കാലയളവിൽ ഓണറേറിയത്തിനു അർഹത ഉണ്ടായിരിക്കുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് ഓണറേറിയം ആന്റ് അലവൻസ് ചട്ടങ്ങൾ 1995-വകുപ്പ് 3 എ.ഭേദഗതി എസ്.ആർ.ഒ നമ്പർ 507/2012/തീയതി 12.7.2012)

? ക്ഷീരവികസനവകുപ്പിന്റെ കീഴിൽ ഒരു കന്നുകലി ഫാം തുടങ്ങിയിട്ടുണ്ട്. ഇതിന് പഞ്ചായത്തിൽനിന്ന് ലൈസൻസ് എടുക്കേണ്ടതുണ്ടോ?

● 2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം എല്ലാ ലൈവ് സ്റ്റോക്ക് ഫാമുകൾക്കും ലൈസൻസ് എടുത്തിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഈ ചട്ടത്തിലെ 14-ാം വകുപ്പുപ്രകാരം മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസനവകുപ്പ്, കാർഷികസർവകലാശാല, ജില്ലാ പഞ്ചായത്ത്, ഏതെങ്കിലും സർക്കാർ ഏജൻസികൾ എന്നിവർ സ്ഥാപിക്കുന്ന ഫാമുകളെ ലൈസൻസിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.പക്ഷേ അപ്രകാരമുള്ള ഫാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, ഫാമിൽ വളർത്തുന്ന പക്ഷിമൃഗാദികളുടെ എണ്ണം, മാലിന്യം കൈകാര്യം ചെയ്യുന്ന ഏർപ്പാടുകൾ, ഫാമിന്റെ ഭൂവിസ്തൃതി പഞ്ചായത്ത് ആവശ്യപ്പെടുന്ന മറ്റു വിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു പത്രിക ഓരോ വർഷവും ഗ്രാമപഞ്ചായത്തിനു സമർപ്പിക്കേണ്ടതാണ്.(സ.ഉ. (അ) നമ്പർ 101/2012/ത സ്വ ഭ വ. തീയതി 13.4.2012 വിജ്ഞാപനം)

? ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ടോ?

● ഉണ്ട്. 1.4.2014 മുതൽ ഒരു വർഷകാലത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവ് നമ്പർ സ.ഉ.(കൈ)171/ 2014/ ത സ്വ ഭ വ. തീയതി. 8.10.2014

? രാത്രികാലങ്ങളിൽ മാലിന്യങ്ങളും ഇറച്ചിക്കടകളിലെ അവശിഷ്ടങ്ങളും ചെറുവാഹനങ്ങളിൽ കയറ്റിക്കൊണ്ടുപോയി പൊതുസ്ഥലത്ത് തള്ളുന്നതു തടയാൻ പഞ്ചായത്തിനു അധികാരമുണ്ടോ?

● അധികാരമുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ വകുപ്പ് 219 എ മുതൽ 219 യു വരെ വകുപ്പുകൾ പ്രകാരം കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ പഞ്ചായത്തിനു അധികാരം നൽകുന്നുണ്ട്.കുറ്റക്കാർക്കെതിരെ പിഴ ഒടുക്കാനും വാഹനം കണ്ടുകെട്ടാനും പഞ്ചായത്തിനു അധികാരമുണ്ട്. മാലിന്യനിർമ്മാർജനം പഞ്ചയാത്തിന്റെ ചുമതലയിൽപെട്ട കാര്യമാണ്.

### ഞങ്ങളുടെ കില

**കില**... കില... ഞങ്ങളുടെ തക്ഷശില
തൃശ്ശൂരിലെ മുളങ്കുന്നത്തുകാവിലെ കില
പഞ്ചായത്തുകാരുടെ സ്വന്തം കില
കലപിലകളില്ലാത്ത കില
ഇതു ഞങ്ങളുടെ തക്ഷശില

കേരളത്തെ കോമളമാക്കാനും
പഞ്ചായത്തിൽ പുഞ്ചിരി തൂകാനും
ഞങ്ങളെ പഠിപ്പിച്ച കില
ഇത് ഞങ്ങളുടെ സ്വന്തം കില

ഞങ്ങളിലാരും ഞങ്ങളേക്കാൾ വലുതല്ലെന്ന്
ഞങ്ങളോടു പറഞ്ഞ കില
പഞ്ചായത്തിലെ ചട്ടവട്ടങ്ങൾ
വട്ടം കൂടിയിരുന്ന് പഠിച്ച കില

കിലേ നീ തന്ന അറിവെന്നും
ഞങ്ങളിൽ അഗ്നിയായ് ജ്വലിക്കട്ടെ
അത് നാടിന് ദീപമായ് മാറട്ടെ
നന്മയുടെ നാളുകൾ വിരിയട്ടെ.

(ക്ലാർക്കുമാരുടെ പൊതുഭരണ പരിശീലനത്തിൽ പങ്കെടുക്കാൻ കിലയിലെത്തിയ എൽദോസ് സി. സണ്ണി, സുമിൻ ടി.എസ്, അശോകൻ ടി.പി, ശങ്കരൻകുട്ടി, അനീഷ് എന്നിവർ ചേർന്ന് രചിച്ചതും പരിശീലനക്ലാസ്സിൽ അവതരിപ്പിച്ചതുമാണ് ഈ കവിത)



പാറശ്ശാല നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല
കിലയിൽ **എ.ടി. ജോർജ് എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

# പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികളേ ഏറ്റെടുക്കാവൂ: എ.ടി.ജോർജ് എം.എൽ.എ

**പൂ**ർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രമേ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കാവൂവെന്ന് എ.ടി. ജോർജ് എം.എൽ.എ നിർദ്ദേശിച്ചു. പാറശ്ശാല നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭദ്രമായ അടിത്തറയുള്ള കെട്ടിടങ്ങൾക്കേ ദീർഘകാലം നില നിൽക്കാൻ കഴിയൂ എന്നതുപോലെതന്നെയാണ് വികസനത്തിന്റെ കാര്യവും. വികസനത്തിനു കൂട്ടായ പ്രവർത്തനമാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷനായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, കോർഡിനേറ്റർ പി. വി. രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. അമ്പൂരി, ആര്യൻകോട്, കള്ളിക്കാട്, കൊല്ലയിൽ, കുന്നത്തുനാട്, ഒറ്റശ്ശേഖരമംഗലം, പാറശ്ശാല, പെരുംകടവിള, വെള്ളറട ഗ്രാമപഞ്ചയാത്തുകളിലേയും പാറശ്ശാല, പെരുംകടവിള ബ്ലോക്ക് പഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ,വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. ഉദ്ഘാടനത്തിനുശേഷം കൃഷി,അനുബന്ധവ്യവസായങ്ങൾ, മൃഗസംരക്ഷണം, ക്ഷീരവികസനം, വിദ്യാഭ്യാസം, യുവജനക്ഷേമം, ആരോഗ്യം-ശുചിത്വം, സാമൂഹ്യക്ഷേമം, പശ്ചാത്തല വികസനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഗ്രൂപ്പ് ചർച്ച നടത്തുകയും ചർച്ചകളുടെ സംഗ്രഹം പൊതുചർച്ചയിൽ അവതരിപ്പിക്കുകയും ചെയ്തു. ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ.എ സംസാരിച്ചു.

## കിലയിൽ യാത്രയയപ്പ്

**കി**ലയിൽനിന്നു വിരമിച്ച സീനിയർ ഡ്രൈവർ കെ.വി.രവീന്ദ്രദാസിനു സഹപ്രവർത്തകർ സ്നേഹനിർഭരമായ യാത്രയയപ്പുനൽകി കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. അസോസിയേറ്റ് പ്രൊഫസർമാരായ ഡോ. സണ്ണിജോർജ്, ഡോ.പീറ്റർ എം.രാജ്, ഡോ.ജെ.ബി.രാജൻ,എക്കൗണ്ട്സ് ഓഫീസർ ആർ ഗിരിജാദേവി, കെ.ബാബു,ഒ. എസ്. മിറാഷ്, സന്തോഷ് തറയിൽ, മധുനാരായണൻ, സാജൻ പീറ്റർ, ജയൻ ടി.കെ.ജയദേവൻ, രാമനാഥൻ, ഷീബ, മുഹമ്മദ് എന്നിവർ സംസാരിച്ചു. കിലയുടെ ഉപഹാരം ഡയറക്ടർ സമ്മാനിച്ചു.





കോട്ടയം നിയോജകമണ്ഡലത്തിലെ വികസനശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581
(for private circulation only)